പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 3057

20.12.2012 ൽ മറുപടിയ്ക്ക്

## അരിവില വർദ്ധന

ചോദ്യം
ശ്രീമതി. കെ.എസ്. സലീഖ

ഉത്തരം
ശ്രീ. അനൂപ്ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

എ) സർക്കാർ അധികാരമേൽക്കുമ്പോൾ മട്ട അരിയുൾപ്പെടെയുള്ള അരിയുടെ വില മൊത്ത വിപണിയിൽ എത്രയായിരുന്നു; തരം തിരിച്ച് വ്യക്തമാക്കുമോ

ബി) ആയത് 2012 ഡിസംബർ 5 ആയപ്പോൾ മൊത്ത വിപണിയിൽ എത്രകണ്ട് വർദ്ധിച്ചുവെന്ന് തരം തിരിച്ച് വ്യക്തമാക്കുമോ; ഇത് ചെറുകിട വ്യാപാരികളിൽ എത്തുമ്പോൾ വില എത്രയായി വർദ്ധിക്കും ; വിശദമാക്കുമോ ;

എ) യും ബി) യും 20.05.2011 ലെയും 07.12.2012 ലെയും മൊത്ത വിപണിയിലെ അരി വിലയും അവ തമ്മിലുള്ള വ്യത്യാസവും കണക്കാക്കിയ പട്ടിക അനുബന്ധം 'എ' ആയി ഇതോടൊപ്പം നൽകുന്നു. ചെറുകിട വ്യാപാരികളിലെത്തുമ്പോഴുള്ള വില അനുബന്ധം 'ബി' ആയി ചേർത്തിരിക്കുന്നു.

സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഗോഡൗണുകളിൽ നിന്നും എത്ര ടൺ അരി സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വിതരണം ചെയ്തിരുന്നു; ആയത് ഈ സർക്കാർ വന്നതിനുശേഷം എത്ര കണ്ട് കുറഞ്ഞുവെന്ന് വ്യക്തമാക്കുമോ;

സി) 2006-07 വർഷം മുതൽ 2010-11 വർഷം വരെയുള്ള 5 വർഷങ്ങളിൽ പി.ഡി.എസ്സിന് വേണ്ടി എഫ്.സി.ഐ ഗോഡൗണുകളിൽ നിന്നും വിട്ടെടുത്ത അരിയുടെ വിവരം വർഷം തിരിച്ചുള്ളത് ചുവടെ ചേർക്കുന്നു.

| വർഷം | എ.പി.എൽ, അരി (മെ.ടണ്ണിൽ) | ബി.പി.എൽ അരി (മെ.ടണ്ണിൽ) | എ.എ.വൈ അരി (മെ.ടണ്ണിൽ) |
|---|---|---|---|
| 2006-07 | 171704.3 | 317510 | 247116 |
| 2007-08 | 294116.7 | 318792 | 250260 |
| 2008-09 | 298527 | 318792 | 250260 |
| 2009-10 | 447672 | 318792 | 250260 |
| 2010-11 | 530586 | 389608 | 250260 |

ഇതു കൂടാതെ സാധാരണയിലും കൂടിയ നിരക്കിൽ 195614 മെ.ടൺ അരി എഫ്.സി.ഐയിൽ നിന്നും വിട്ടെടുത്തിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2012 നവംബർ മാസം വരെ പി.ഡി.എസിനായി എഫ്.സി.ഐ യിൽ നിന്നും വിട്ടെടുത്ത അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | എ.പി.എൽ, അരി (മെ.ടൺ) | ബി.പി.എൽ അരി (മെ.ടൺ) | എ.എ.വൈ അരി (മെ.ടൺ) |
|---|---|---|---|
| 2011-12 | 587252 | 439357.6 | 250260 |
| 2012 നവംബർ മാസം വരെ വിട്ടെടുത്തത് | 412112 | 272014 | 166840 |

ഇതു കൂടാതെ സാധാരണയിലും കൂടിയ നിരക്കിൽ 27179.4 മെ.ടൺ അരി എഫ്.സി.ഐയിൽ നിന്നും വിട്ടെടുത്തിട്ടുണ്ട്.

ഡി) റേഷൻ കടകളിൽ വിതരണം ചെയ്യാനുള്ള അരി സർക്കാർ സമയത്ത് ഇടപെടാത്തത് കാരണം കത്തിച്ചുകളഞ്ഞത് സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ടൺ അരിയാണ് സർക്കാർ വന്നതിനുശേഷം കത്തിച്ച് നശിപ്പിച്ചതെന്ന് വ്യക്തമാക്കു മോ; ഇത് വിപണിയിൽ അരിവില വർദ്ധിക്കുവാൻ കാരണമായിട്ടുണ്ടോ; വിശദമാക്കുമോ;

ഡി) റേഷൻ സംവിധാന പ്രകാരം വിതരണം ചെയ്യുന്നതിന്, കേന്ദ്ര സർക്കാർ അനുവദിച്ച്, എഫ്.സി.ഐ. മുഖാന്തിരം പൊതുവിതരണത്തിന്, മൊത്തവിതരണ ഡിപ്പോകളിലും /ചില്ലറ ഡിപ്പോകളിലും ലഭ്യമാക്കുന്ന അരി കത്തിച്ചു കളഞ്ഞതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ഇ) മൊത്ത വിപണിയിലെ അരിവില വർദ്ധന തടയുവാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നു വെന്ന് വ്യക്തമാക്കുമോ?

ഇ) കേന്ദ്രം ഒ.എം.എസ്.എസ് സ്കീം പ്രകാരം അനുവദിച്ച 60000 മെ.ടൺ അരി പി.ഡി.എസ് വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്രം ഇപ്പോൾ അനുവദിച്ച 20000 മെ.ടൺ അരി സപ്ലൈകോയുടെ ഔട്ട്ലെറ്റുകൾ വഴി വിതരണം ചെയ്യുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്. സപ്ലൈ കോയുടേയും കൺസ്യൂമർഫെഡിന്റേയും വില്പനശാലകളിൽ പരമാവധി അരി ലഭ്യമാക്കു ന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 20% അരി കൂടുതലായി വാങ്ങുന്നതിന് സപ്ലൈകോയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. കരിഞ്ചന്തയും, പൂഴ്ത്തിവയ്പും നടത്തി കൃത്രിമക്ഷാമം സൃഷ്ടിച്ച് അരിവില വർദ്ധിപ്പിക്കുവാൻ നടത്താനിടയുള്ള സാഹചര്യങ്ങളെ മുൻകൂട്ടി കണ്ട് അതിനെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു.

Beenan

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്